ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX: 0471-2324951
email: elsgd@gmail.com
website: www.celsgd.com

നം:ഇ3-200/2010/സിഇ/തസ്വഭവ

തീയതി: 27.08.2013

# സർക്കുലർ

**എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/മുനിസിപ്പാലിറ്റികളിലെ നിയന്ത്രണാധികാരികൾ എന്നിവരുടെ അടിയന്തിര ശ്രദ്ധയ്ക്ക്**

1. കുറ്റപത്രം, കുറ്റാരോപിത പത്രം, Suspension Order തുടങ്ങിയ ശിക്ഷണ നടപടികളുടെ ഭാഗമായി അയയ്ക്കുന്ന രേഖകൾ ബന്ധപ്പെട്ട കുറ്റാരോപിത ഉദ്യോഗസ്ഥന് നൽകുന്നതിലും ആയതിന്റെ കൈപ്പറ്റു കോപ്പികൾ ഈ ഓഫീസിൽ ലഭ്യക്കുന്നതിനും വളരെയധികം കാലതാമസം ഉണ്ടാകുന്നുണ്ട്. ഈ കാലതാമസം ഒഴിവാക്കുന്നതിനായി ഇനി മുതൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നേരിൽ വിളിച്ചു വരുത്തി കോപ്പികൾ നൽകിയ ശേഷം കൈപ്പറ്റു കോപ്പി എത്രയും വേഗം ഈ ഓഫീസിലേക്ക് അയച്ചു തരണം.

2. Gazetted Rank ലുള്ള ഉദ്യോഗസ്ഥർ എടുക്കുന്ന ലീവുകൾ (കാഷ്വൽ ലീവ് അല്ലാതെയുള്ളത്), ഡയ്സ്നോൺ ബാധകമാക്കിയിട്ടുള്ള സമര ദിവസങ്ങളിൽ ഓഫീസിൽ ഹാജരാകതിരിക്കുന്ന ദിവസങ്ങൾ ഇവ യഥാസമയം അക്കൗണ്ടന്റ് ജനറലിനെ അറിയിക്കാതെ ആ ദിവസങ്ങളിൽ ശമ്പളം കൈപ്പറ്റുന്ന പ്രവണതകൾ ഈ ഓഫീസിന്റെ ശ്രദ്ധയിൽപ്പെട്ടുണ്ട്. കീഴ് ജീവനക്കാരുടെ ഇത്തരം നടപടികൾ ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാർ യഥാസമയം അക്കൗണ്ടന്റ് ജനറലിനെയും ഈ ഓഫീസിനേയും അറിയിക്കേണ്ടതാണ്.

ചീഫ് എൻജിനിയർ